**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ കമ്മറ്റി - അംഗങ്ങളുടെ തിരഞ്ഞെടുപ്പ് - ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പൽ കൗൺസിലർമാരുടേയും എണ്ണം പുതുക്കി നിശ്ചയിച്ചത് - സംവരണ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2444/16/തസ്വഭവ   തിരുവനന്തപുരം, തീയതി :12.08.2016

പരാമർശം - 1. 21-6-2016 - ലെ സ.ഉ.(സാധാ)1962/2016/തസ്വഭവ നമ്പർ ഉത്തരവ്.

2. 18-7-2016 - ലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ 4420/ബി/2016 സം.തി.ക നമ്പർ കത്ത്.

<u>ഉത്തരവ്</u>

ജില്ലാ ആസൂത്രണ കമ്മറ്റി അംഗങ്ങളായി ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റി (മുനിസിപ്പൽ കൗൺസിലുകളും മുനിസിപ്പൽ കോർപ്പറേഷനുകളും) കളിലെ കൗൺസിലർമാരുടേയും അംഗസംഖ്യ 1995-ലെ കേരള ജില്ലാ ആസൂത്രണ കമ്മറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ജില്ലാ ആസൂത്രണ കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അമ്പത് ശതമാനം സ്ത്രീകളും, രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും, അവരിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ് എന്നും അത് പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു എങ്കിലും സംവരണ സ്ഥാനങ്ങളിലേക്ക് ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിലുകൾ എന്നിവയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2. 2009 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പിൽ വന്നിട്ടുള്ള ഭേദഗതിക്കനുസൃതമായി ജില്ലാ ആസൂത്രണ കമ്മറ്റിയിലെ സംവരണ സ്ഥാനങ്ങൾ നിശ്ചയിക്കുന്നതിനും അതിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്ന വിധം വ്യവസ്ഥ ചെയ്യുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാൽ 1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിൽ ഭേദഗതി ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ ഭേദഗതിയുടെ വെളിച്ചത്തിലും പരാമർശം (2) പ്രകാരമുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

3. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടത് പ്രകാരം, സംസ്ഥാനത്തെ ജില്ലാ ആസൂത്രണ കമ്മറ്റികളിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ടവരിൽ സ്ത്രീയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും അവരിലെ സ്ത്രീകൾക്കുമായി സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ജില്ലാ ആസൂത്രണ കമ്മറ്റികളിലെ സംവരണ സ്ഥാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വി.കെ.ബേബി.**
സ്പെഷ്യൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

95 – ലെ ജില്ലാ ആസൂത്രണ കമ്മറ്റി (അംഗങ്ങളുടെ തെരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (3 എ) പ്രകാരം ജില്ലാ ആസൂത്രണ കമ്മറ്റികളിലേക്ക് സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും അവരിലെ സ്ത്രീകൾക്കുമായി സംവരണം ചെയ്യപ്പെടേണ്ട സ്ഥാനങ്ങളുടെ എണ്ണം

| ജില്ല | ജില്ലാ ആസൂത്രണ കമ്മറ്റിയിലെ സംവരണ സ്ഥാനങ്ങൾ – ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക്: ആകെ സ്ഥാനങ്ങൾ (21-06-2016-ലെ സ.ഉ (സാധാ) 1962/16/ തസ്വഭവ. കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ ഒരു പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പ.ജ./പ.വ സംവരണ സ്ഥാനം (ഒരു പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം | ആകെ സംവരണ സ്ഥാനങ്ങൾ | കോർപ്പറേഷൻ കൗൺസിലർമാർക്ക്: ആകെ സ്ഥാനങ്ങൾ (21-06-2016-ലെ സ.ഉ (സാധാ) 1962/16/ തസ്വഭവ. കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | മുനിസിപ്പൽ കൗൺസിലർമാർക്ക്: ആകെ സ്ഥാനങ്ങൾ (21-06-2016-ലെ സ.ഉ (സാധാ) 1962/16/ തസ്വഭവ. കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ | ആകെ സംവരണ സ്ഥാനങ്ങൾ | ആകെ: ആകെ സ്ഥാനങ്ങൾ (21-06-2016-ലെ സഉ (സാധാ) 1962/16/ തസ്വഭവ. കാണുക) | സ്ത്രീ സംവരണ സ്ഥാനങ്ങൾ (ഒരു പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) | പ.ജ./പ.വ സംവരണ സ്ഥാനം (ഒരു പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം ഉൾപ്പെടെ) (കോളം 4) | പ.ജ./പ.വ സ്ത്രീ സംവരണ സ്ഥാനം (കോളം 5) | ആകെ സംവരണ സ്ഥാനങ്ങൾ (കോളം 6+9+12) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) | (16) | (17) |
| തിരുവനന്തപുരം | 8 | 4 | 2 | 1 | 5 | 3 | 2 | 2 | 1 | - | - | 12 | 6 | 2 | 1 | 7 |
| കൊല്ലം | 9 | 5 | 2 | 1 | 6 | 2 | 1 | 1 | 1 | - | - | 12 | 6 | 2 | 1 | 7 |
| പത്തനംതിട്ട | 11 | 6 | 2 | 1 | 7 | - | - | - | 1 | - | - | 12 | 6 | 2 | 1 | 7 |
| ആലപ്പുഴ | 10 | 5 | 2 | 1 | 6 | - | - | - | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോട്ടയം | 11 | 6 | 2 | 1 | 7 | - | - | - | 1 | - | - | 12 | 6 | 2 | 1 | 7 |
| ഇടുക്കി | 11 | 6 | 2 | 1 | 7 | - | - | - | 1 | - | - | 12 | 6 | 2 | 1 | 7 |
| എറണാകുളം | 8 | 4 | 2 | 1 | 5 | 2 | 1 | 1 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| തൃശ്ശൂർ | 10 | 5 | 2 | 1 | 6 | 1 | - | - | 1 | 1 | - | 12 | 6 | 2 | 1 | 7 |
| പാലക്കാട് | 10 | 5 | 2 | 1 | 6 | - | - | - | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| മലപ്പുറം | 10 | 5 | 2 | 1 | 6 | - | - | - | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കോഴിക്കോട് | 9 | 5 | 2 | 1 | 6 | 2 | 1 | 1 | 1 | - | - | 12 | 6 | 2 | 1 | 7 |
| വയനാട് | 10 | 5 | 2 | 1 | 6 | - | - | - | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കണ്ണൂർ | 9 | 4 | 2 | 1 | 5 | 1 | 1 | 1 | 2 | 1 | 1 | 12 | 6 | 2 | 1 | 7 |
| കാസർഗോഡ് | 11 | 5 | 2 | 1 | 6 | - | - | - | 1 | 1 | - | 12 | 6 | 2 | 1 | 7 |